പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2884 | 18.06.2019-ൽ മറുപടിക്ക്

**മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നിർദ്ദിഷ്ട മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി സംബന്ധിച്ചും തുടർ നടപടികളെക്കുറിച്ചുംവിശദമാക്കാമോ? | എ) പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കിമി നീളത്തിലും 70 മീറ്റർ വീതിയിലും എൻ.എച്ച്.എ.ഐ മുഖേന ഔട്ടർ റിംഗ് റോഡ് നിർമ്മിക്കാൻ സ.ഉ(സാധാ) 181/2019/പൊമവ തീയതി 04.02.2019 പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. 100% നിർമ്മാണച്ചെലവും, 50% ഭൂമി ഏറ്റെടുക്കൽ ചെലവും എൻ.എച്ച്.എ.ഐ വഹിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പരിയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാനുള്ള സധ്യതാ പഠനം നടത്തി വരുന്നു. കേന്ദ്രഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ആവശ്യപ്രകാരം പ്രസ്തുത പദ്ധതിക്ക് മാത്രമായി ഒരു സ്പെഷ്യൽ തഹസീൽദാർ(എൽ.എ) യൂണിറ്റ് രൂപീകരിക്കുന്ന വിഷയം റവന്യൂവകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ